ഉത്തരം

(എ) ഇല്ല.

(ബി) സംഘം ഇപ്പോൾ പാർട്ടിടെ അഡ്മി നിസ്ട്രേറ്ററായി നിയമിച്ചിരിക്കുന്ന തിരുവനന്തപുരം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)ന്റെ ഭരണച്ചുമതലയിലാണ്.

(സി) ഉണ്ട്.

(ഡി) ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 12 ലക്ഷം രൂപ ക്യാഷ് ക്രഡിറ്റായി ഇതിനകം നൽകിയിരുന്നു എന്നും, സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താതെ ഇനിയും സാമ്പത്തിക സഹായം അനുവദിക്കാൻ നിർവാഹമില്ലെന്നും ജില്ലാ ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഇ) എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ട നിർദ്ദേശം അഡ്മിനിസ്ട്രേറ്റർക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

സഹകരണ ജീവനക്കാരുടെ പ്രശ്നങ്ങൾ

419. [606] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പു ജീവനക്കാരുടെ ക്ഷേമനിധി സ്റ്റാഫ് പാറ്റേൺ ക്ലാസിഫിക്കേഷൻ മാറ്റം, പൊതുസർവീസ് ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ നടപടികൾ എത്രത്തോളമായി ;

(ബി) പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ ശമ്പള പരിഷ്കരണ നടപടികൾ എന്നത്തേക്ക് നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ക്ഷേമനിധി : സഹകരണ ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച ചട്ടങ്ങൾ 20-10-1984-ലെ ജി. ഒ. എം. എസ്. 317/84/എഡി ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

ഈ ചട്ടങ്ങളിൽ ആവശ്യമായ ചില ഭേദഗതികൾ 20-3-1986-ലെ ജി. ഒ. എം. എസ്. 23/86/സഹ: എന്ന ഉത്തരവു പ്രകാരം വരുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ മാറ്റം, ക്ലാസിഫിക്കേഷൻ, പൊതു സർവീസ് ഏർപ്പെടുത്തൽ എന്നീ കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

(ബി)&(സി) ഇക്കാര്യം ഇതിലേക്ക് നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റിയുടെ ശുപാർശ കിട്ടിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ കൊപ്ര സംഭരണം

420. [607] ശ്രീ. ഒ. ഭരതൻ :
,, ജി. വരദൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഇ. പത്മനാഭൻ :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ 1985-86-ൽ ഇതുവരെ വാങ്ങിച്ചിട്ടുള്ള നാളികേരവും കൊപ്രയും എത്ര ;

LIBRARY ARCHIVES Kerala Legislative Assembly